"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പയ്യാവൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീ. സുമേഷ് വി - യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.848/2025/LSGD തീയതി,തിരുവനന്തപുരം, 28-03-2025

പരാമർശം:-

1. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.03.2011ലെ ഇ1-602/97 നമ്പർ നടപടിക്രമം
2. കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 20.12.2024ലെ LSGD/JD/KNR/731 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.11.2023-ലെയും 12.03.2025-ലെയും LSGD/PD/61906/2023-DEC4 നമ്പർ കത്തുകൾ

ഉത്തരവ്

കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. സുമേഷ് വി - യുടെ പ്രൊബേഷൻ കാലയളവ് 05.01.2014 മുതൽ 12.10.2020 വരെ ദീർഘിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. ശ്രീ. സുമേഷ് വി , 05/01/2011 ന് പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെന്നും ടിയാന്റെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും, എം ഒ പി പരീക്ഷ വിജയിക്കാത്തത് കാരണം ടിയാളുടെ പ്രൊബേഷൻ കാലയളവ് 05/01/2013 മുതൽ 1 വർഷത്തേക്ക് പരാമർശം (2) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാൻറെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും ശ്രീ. സുമേഷ് വി GPF, SLI, GIS എന്നിവയിൽ അംഗത്വമെടുക്കുകയും 10/10/2020 തിയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. സുമേഷ് വി-യുടെ പ്രൊബേഷൻ 11.10.2020 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 05.01.2014 മുതൽ 12.10.2020 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കണ്ണൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,പയ്യാവൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.സുമേഷ് വി , ക്ലർക്ക് , പയ്യാവൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.315/ഇപിഎ1/2023-എൽഎസ്ജിഡി

Signed by
Danuja M S
Date: 28-03-2025 16:20:10